റെക്കോർഡ്സ് ലൈബ്രേറിയൻ, ഡ്രൈവർ ഗ്രേഡ് II, ഹെൽപ്പർ മെക്കാനിക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുതുക്കാട് താലൂക്കാശുപത്രിയിലെ സി.എഫ്.എൽ.ടി.സി.-യുടെ നിർമ്മാണം

214 (214) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ അനസ്തെറ്റിസ്റ്റ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തുന്നതിനും അതുവഴി ഇപ്പോഴുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം അതത് ഡിപ്പാർട്ട്മെന്റുകളിൽ മാത്രമായി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

പുതുക്കാട് താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ ഒരു തസ്തികയുണ്ട്. ടി തസ്തികയിൽ നിലവിൽ ഒരു ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല.

(ബി) പുതുക്കാട് താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള 20 കിടക്കകളോടുകൂടിയ സി.എഫ്. എൽ. ടി. സി.യുടെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നും എന്നു മുതൽ പ്രവർത്തനസജ്ജമാകുമെന്നും വ്യക്തമാക്കാമോ;

(സി) ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(ബി&സി) 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി പുതുക്കാട് താലൂക്കാശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഏർലി ഡിറ്റക്ഷൻ സെന്ററും ക്ലിനിക്കും സ്ഥാപിക്കൽ

215 (215) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ ബാധിതരുൾപ്പെടെ വ്യാപകമായ തോതിൽ കാൻസർ രോഗികളുള്ള കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു ക്ലിനിക്കും ഏർലി ഡിറ്റക്ഷൻ സെന്ററും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ചെറുവത്തൂരും തൃക്കരിപ്പൂരും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടുചേർന്ന് പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2016-ൽ അതിജീവനം പദ്ധതിയുടെ ഭാഗമായാണ് ഇവ തുടങ്ങിയത്. കൂടാതെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കരയിൽ മറ്റൊരു പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ വായയിലെ അർബുദം, ഗർഭാശയഗള അർബുദം, സ്തനാർബുദം എന്നിവ നിർണ്ണയിക്കുവാനുള്ള പ്രാഥമിക പരിശോധനകൾ ലഭ്യമാണ്.

കോന്നി മണ്ഡലത്തിൽ സിദ്ധ ആശുപത്രികൾ

216 (216) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യ വകുപ്പിന് കീഴിലെ 'ഐക്കോൺസ്'

217 (217) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ദീർഘ കാലമായി ഒഴിഞ്ഞുകിടന്നിരുന്ന ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജി വിഭാഗം തലവനും പ്രഗത്ഭനായ ന്യൂറോളജിസ്റ്റുമായ ഡോ. സഞ്ജീവ് വി.തോമസിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പുതിയതായി ഒരു സൈക്യാടിസ്റ്റിനെ നിയമിക്കുന്നതിനും കൂടുതൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഷൊർണ്ണൂർ ഐക്കോൺസിൽ സ്ട്രോക്ക് ചികിത്സ നടത്തുന്നതിനായി ഒരു സ്ട്രോക്ക് വാർഡ് പ്രവർത്തനക്ഷമമാക്കികൊണ്ടിരിക്കുകയാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന BASLP കോഴ്സിനുപുറമെ ഗവേഷണ മേഖലയിൽ ഗൗരവപരമായ പല ഗവേഷണങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.